CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ഒസൈത്തു് വെഞ്ചരിക്കുന്നതിനും മററും ഇപ്പോൾ ഉപയോഗിക്കുന്ന ക്രമങ്ങൾ തനി ലത്തീനാണു്. ലത്തീൻ ഭാഷയ്ക്കിടയ്ക്കു് സുറിയാനിയും കലർത്തി നടത്തുന്ന ഈ ക്രമങ്ങൾ എത്ര വികൃതമാണെന്നു് പറയണമെന്നില്ലല്ലൊ. ലത്തീൻ റീത്തനുസരിച്ചു് അന്ത്യലേപനത്തിൽ ഇന്നു് അര പൂശപ്പെടുന്നില്ല. നമ്മുടെ ചില പട്ടക്കാർ അതനുകരിച്ചു് പ്രവർത്തിക്കുന്നതു് നീതികരിക്കത്തക്കതോ എന്നു് സന്മാർഗ്ഗശാസ്ത്രികൾതന്നെ വിധിക്കട്ടെ. കാനോനാ നമസ്കാരത്തിന്റെ വിവിധ ഭാഗങ്ങൾ ജപിക്കേണ്ട സമയത്തേക്കുറിച്ചും മററും ഇന്നു് ഒരു പൊതുവായ നിയമമുണ്ടോ? ലത്തീൻ രീതിയാണു് ഇന്നു് നമ്മുടെ ദേവാലയങ്ങളിലെ ഗീതങ്ങളിൽ പലതിലും പരിഷ്കാരപ്രേമികൾ സ്വീകരിച്ചു കാണുന്നതു്. ഇന്നത്തെ നമ്മുടെ ദേവാലയ നിർമ്മാണത്തിൽ മദ്ബഹാ, കസ്ത്രോമ്മാ, ഹൈക്കലാ എന്നീ പുരാതന വിഭാഗങ്ങൾക്കു് പ്രാധാന്യം നൽകപ്പെടുന്നതായി തോന്നുന്നില്ല. ഇങ്ങനെ പലേ തരത്തിലുള്ള വ്യതിയാനങ്ങൾക്കും കലർപ്പുകൾക്കും വിധേയമായി തീരുകയാൽ നമ്മുടെ റീത്തു് ഇന്നു് ഒരു വികൃത രൂപം പ്രാപിച്ചിരിക്കയാണു്.

## നമുക്കഭിമാനിക്കാം.

നസ്രാണി ജാതിയുടെ സ്വന്തമായ പൗരസ്ത്യ സുറിയാനി റീത്തിൽ നമുക്കു് തികച്ചും അഭിമാനിക്കുവാൻ വകയുണ്ടു്. ഇതു് തിരുസ്സഭയിലെ അതിപുരാതനമായ ഒരു റീത്താണു്. ക്രൈസ്തവലോകം ഇതിനെ ബഹുമാനിക്കുന്നു. പതിമൂന്നാം ലെയോൻ മാർപ്പാപ്പാ പ്രസ്താവിക്കുന്നതുപോലെ ''അതിപുരാതനങ്ങളെന്നു മാത്രമല്ല സുപ്രസിദ്ധങ്ങളുമായ സ്മാരകവസ്തുക്കളാൽ പിൻതാങ്ങപ്പെടുന്ന പൗരസ്ത്യ സഭകളുടെ മാന്യനില നിമിത്തം ക്രൈസ്തവലോകമൊട്ടുക്കു് അവയോടു വലുതായ മതിപ്പും പ്രശസ്തിയുമുണ്ടു്.'' (Orientalium dignitas Ecclesiarum) ഒൻപതാം പീയൂസ് മാർപ്പാപ്പാ പൗരസ്ത്യരെ അഭിസംബോധനം ചെയ്തുകൊണ്ടു് പ്രസ്താവിക്കുന്ന ഭാഗവും ഇവിടെ സ്മരണീയമാണു്. ''ദൈവിക രഹസ്യങ്ങളുടെ നേർക്കു് വിശ്വാസികളുടെ ഭക്തിബഹുമാനങ്ങളെ വർദ്ധിപ്പിക്കുന്നവയും ശോഭനവും മഹനീയവുമായ വിധത്തിൽ നടത്തപ്പെടുന്നവയുമായ ശുശ്രൂഷകൾ നിങ്ങളുടെ ആരാധനക്രമങ്ങളിൽ ഉണ്ടു്'' (ജനുവരി 6, 1848) നമ്മുടെ കേരളത്തിലെ സുറിയാനി സഭയ്ക്കാകട്ടെ പൗരസ്ത്യ സഭകളുടെ ഗണത്തിൽ പ്രശസ്തമായ ഒരു നിലയാണുള്ളതെന്നും നാം അനുസ്മരിക്കണം. പതിനൊന്നാം പീയൂസ് മാർപ്പാപ്പാ പറയുന്നതു ശ്രവിച്ചാലും. ''വി. തോമ്മാശ്ലീഹായിൽ നിന്നു് സുവിശേഷവെളിച്ചം സ്വീകരിച്ച അതിപുരാതന ക്രൈസ്തവസമൂഹങ്ങളിൽ നിന്നുത്ഭവിച്ചിരിക്കകൊണ്ടു് അ സഭസ്സു് പൗരസ്ത്യ (സഭകളുടെ) ഇടയിൽ പ്രശസ്തമായ ഒരു നില കൈവന്നിരിക്കുന്നു'' (Romani Pontificis) ലത്തീൻ രീതിക്കനുസൃതമല്ലാത്തതെല്ലാം അകത്തോലിക്കമാണന്നോ ഭക്തിയ്ക്കും യുക്തിയ്ക്കും അഭിമാനത്തിനും യോജിച്ചതല്ലെന്നോ ചിലർ വിചാരിക്കാറുണ്ടു്. അജ്ഞതയാണു് അതിനു കാരണം. ഒരാധുനിക പാശ്ചാത്യ പണ്ഡിതന്റെ വാക്കുകൾ ഇവിടെ ശ്രദ്ധാർഹങ്ങളാണു് "Many do not know that there can be and are catholics who do not pray before statues of the Bl. Mother of Christ and St. Joseph, who have never been to Benediction of the Blessed Sacramant, who do not genuflect in passing before the Blessed Sacrament. those who have heard only superficially about the Eastern churches are inclined to consider them a cross between catholicism and Protestantism, and this attitude unfortunately has been fostered quite strenusly by Anglicanism. these Easterners are catholics and have as much right to be treated as Latins. Regarding faith and morals they must be numbered with the Romans. Schism and heresy to the Eastern catholic are as abhorrent as to those of the Roman rite."

## അനന്തര കരണീയമെന്തു്?

നമ്മുടെ ശ്ലൈഹിക സഭയിലും റീത്തിലും നമുക്കു് അഭിമാനിക്കാമെങ്കിലും ഇന്നത്തെ നമ്മുടെ റീത്തിന്റെ വികൃതവും സങ്കരവുമായ രൂപത്തിൽ ഒട്ടുംതന്നെ അഭിമാനം കൊള്ളാൻ വകയില്ലാ. അതുകൊണ്ടു് നമുക്കു് നമ്മുടെ പുരാതന റീത്തിലേക്കു് പ്രത്യാഗമിക്കാം. നമ്മുടെ തറവാട്ടു റീത്തിലേക്കുള്ള കാലാനുകൂലവും സ്വീകാര്യയോഗ്യവുമായവയെ സ്വീകരിച്ചുകൊണ്ടുമുള്ള ഒരു പ്രത്യാഗമനമാണു് അനന്തരകരണീയമായ ഏകസംഗതി. എന്നാൽ ചിലർ പറയുമായിരിക്കും തിരുസ്സഭയിലെ എല്ലാ റീത്തുകളും വികസിച്ചു വന്നിട്ടുള്ളവയാണല്ലൊ എന്നു്. അതിൽ കുറെ യാഥാർത്ഥ്യമുണ്ടെന്നു് സമ്മതിക്കാം. പക്ഷേ ആ വികാസം ഓരോ റീത്തിന്റേയും പ്രകൃതിക്കും സ്വഭാവത്തിനും (genus and character» Pius XII) ഭംഗം വരുത്താത്ത തരത്തിലായിരിക്കണം. നമ്മുടെ റീത്തിന്റെ വളർച്ച അത്തരത്തിലല്ല സംഭവിച്ചിരിക്കുന്നതെന്നു് സവ്യസനം സമ്മതിക്കേണ്ടിയിരിക്കുന്നു. പൗരസ്ത്യറീത്തുകളെ അവയുടെ തനി നിറത്തിൽ പുലർത്തിക്കൊണ്ടു പോകുവാനാണു് മാർപ്പാപ്പാമാർ പ്രയത്നിച്ചിട്ടുള്ളതു്. മാത്രമല്ല അവയിൽ ലത്തീൻ റീത്തു് കലർത്തുവാൻ ചിലർ നടത്തിയിട്ടുള്ള ശ്രമങ്ങളെ തിരുസ്സഭയുടെ പരമാധികാരികളായ ഇവർ എതിർത്തിട്ടുണ്ടെന്നുള്ള വസ്തുതയും നമ്മുടെ റീത്തിനെ സംസ്കരിക്കുന്ന കാര്യത്തിൽ നമുക്കു് വേണ്ടുവോളം പ്രോത്സാഹനം നൽകുന്നുണ്ടു്.

## നമ്മുടെ കുർബാന മലയാളത്തിലേക്കോ?

നമ്മുടെ റീത്തിന്റെ പുനരുദ്ധാരണത്തിലും പരിഷ്കരണത്തിലും തല്പരരായ ചിലർ പറയാറുണ്ടു് നമ്മുടെ കുർബാനപോലും മലയാളത്തിലേക്കു് വിവർത്തനം ചെയ്യേണ്ടതാണെന്നു. കത്തോലിക്കരുടെ നന്മയ്ക്കും അകത്തോലിക്കരുടെ മാനസാന്തരത്തിനും ഇതു് സഹായകമാകുമെന്നത്രെ. ഇവർ വാദിക്കുന്നതു്. ദിവ്യകർമ്മങ്ങൾ ദേശീയ ഭാഷയിൽ ആകുന്നതിനു് വെമ്പൽകൊള്ളുന്നവർ ഇന്നു ചില രാജ്യങ്ങളിലൊക്കെ ഉണ്ടു്. എന്നാൽ ഫ്രാൻസിലേയുംമററും അനുഭവത്തിൽനിന്നു മനസ്സിലാകുന്നതു് ചില അഴിമതികൾ ഇഴഞ്ഞുകയറുകയാൽഈ പ്രസ്ഥാനംഅത്ര വിജയിച്ചിട്ടില്ലെന്നാണു്. ന്യൂകാസിലിലെ സിററിഹാളിൽവച്ചു് രണ്ടായിരത്തോളം വരുന്ന ശ്രോതാക്കളോടു് ഈക്കഴിഞ്ഞ അവസരത്തിൽ Fr. Angelus Andrews O. F. M. പ്രസംഗിക്കവെ, ആരാധനക്രമവും മററും ഇംഗ്ലീഷിൽ ആകുണമെന്ന അഭിപ്രായത്തിനെതിരായി സംസാരിക്കയുണ്ടായി. പ്രസ്തുത പ്രസംഗത്തിലെ ഒരു ഭാഗം ഇവിടെ ഉദ്ധാര്യമാണു് 'I do not think it is true to say; Speak Engilsh and you will get the people to come to church. But it is true that if you will get them to understand the mass they will come to church. At the reformation the most beautiful English was introduced by the Reformers— but Anglican Churches are getting emptier and emptier"(The Universe May 2, 1952) കേരളീയരെ സംബന്ധിച്ചും വളരെ അർത്ഥവത്തായ ഒരു പ്രസ്താവമാണിതെന്നു് ആരോടും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. നമ്മുടെ റീത്തിൽ മലയാളഭാഷയുടെ ഉപയോഗം തീരെ നിഷിദ്ധമാണെന്നല്ല ഇതുകൊണ്ടു് അർത്ഥമാക്കേണ്ടതു്. കുർബാനയിലേയും മററു തിരുക്കർമ്മങ്ങളിലേയും രൂപകാർത്ഥ സമ്പുഷ്ടവും ; നീണ്ടുനീണ്ടുകിടക്കുന്നവയുമായ വാചകങ്ങളുടെ വെറും തർജ്ജമ കിട്ടിയതുകൊണ്ടു് പ്രത്യേകമായ ഗുണമൊന്നും അൽമായർക്കു് ലഭിക്കുവാനില്ലെന്നുള്ളതാണു് എന്റെ വിനീതമായ അഭിപ്രായം. റീത്തിലെ വൈദികങ്ങളും ഔദ്യോഗികങ്ങളുമായ കർമ്മങ്ങൾ സുറിയാനിയിൽ അഭംഗമായ പുരാതന മനോഹരതയിൽതന്നെ നിർവ്വഹിക്കപ്പെടുമ്പോൾ അവയുടെ തർജ്ജമകൾ അൽമായർക്കു് ഉപയോഗിക്കാമല്ലോ. അല്ലാതെ ആ സമയങ്ങളിൽ മററു പ്രാർത്ഥനകൾ രഹസ്യമായും പരസ്യമായും നടത്തി നിർവ്വഹിക്കപ്പെടുന്ന ദിവ്യകർമ്മങ്ങളോടു് യാതൊരു ബന്ധവുമില്ലാതെ വർത്തിക്കുകയല്ല വേണ്ടതു്. തിരുക്കർമ്മങ്ങളിൽ അടങ്ങിയിരിക്കുന്ന രഹസ്യങ്ങളുടേയും സത്യങ്ങളുടേയും ആന്തരികാർത്ഥമാണു് വിശ്വാസികൾ അറിയേണ്ടതു്. ഇത്തരത്തിലുള്ള ജ്ഞാനവും പരിശീലനവും വർദ്ധിക്കുമ്പോൾ, തിരുക്കർമ്മങ്ങളെക്കുറിച്ചു് മതിപ്പുണ്ടാകുമെന്നു് മാത്രമല്ല, തിരുസഭയോടും, തിരുസ്സഭാ ശിരസ്സാകുന്ന മിശിഹായോടും യോജിച്ചു് ജീവിക്കുന്നതിനുള്ള പ്രചോദനവും അവർക്കു് ലഭിക്കുന്നതാണു്. മിശിഹാ ഇങ്ങനെ നമ്മിൽ ദൃശ്യമാകുമ്പോൾ വിജാതീയർ തിരുസഭയിലേക്കു് ആകൃഷ്ടരാകയും ചെയ്യും. ഇതു കൂടാതെ മലയാളഭാഷയിലേക്കുള്ള കുർബാനയുടേയും മററു തിരുക്കർമ്മങ്ങളുടേയും വിവർത്തനങ്ങൾ ഇന്നു എത്ര വിശിഷ്ടമായിരുന്നാലും കുറെ കഴിയുമ്പോൾ അവ പഴഞ്ചനായിത്തീരുകയും വീണ്ടും വീണ്ടും പൊളിച്ചെഴുതേണ്ടതായി വരികയും ചെയ്യും.

എന്നാൽ നമ്മുടെ സുറിയാനി റീത്തിനെ അതിന്റെ പുരാതനവും സ്വാഭാവികവുമായ പ്രകൃതിക്കു് വിരുദ്ധമാകാതെ പരിഷ്കരിച്ചു് കേരള സുറിയാനിക്കാരുടെ കത്തോലിക്കജീവിതത്തെ പുഷ്ടിപ്പെടുത്തുവാൻ സാധിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ലത്തീൻ സെമ്മിനാരികളിൽ അഭ്യസനം നടത്തുന്ന നമ്മുടെ വൈദിക വിദ്യാർത്ഥികൾ നമ്മുടെ സഭാചരിത്രവും



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



(198-ാം പേജ് തുടർച്ച)

മസ് (Cosmas) 537-ൽ ഇൻഡ്യയിൽ മലങ്കരയും മൈലാപ്പൂരും സന്ദർശിച്ചപ്പോൾ അവിടെങ്ങും ബാബേലിൽനിന്നുള്ള യാതൊരു നെസ്തോറിയൻ മെത്രാനും ഭരണം നടത്തുന്നില്ലായിരുന്നുവെന്ന് അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. ബാബേൽ പാത്രിയർക്കീസ് 551 നുശേഷം നെസ്തോറിയനായിത്തീർന്നെങ്കിലും അദ്ദേഹത്തിന്റെ ഭരണസീമയിൽ പെട്ടപ്രദേശങ്ങളിൽ അന്ത്യോക്യയിലെ പാത്രിയർക്കീസിനാൽ അഭിഷിക്തരായ കത്തോലിക്കാ നാസോലിക്കാമാർ (മെത്രാപ്പോലിത്താമാർ) ധാരാളം ഉണ്ടായിരുന്നു. ബാബേലിലേയൊ പേർസ്യദേശങ്ങളിലെയോ മെത്രാന്മാർ പാഷാണ്ഡതയിൽ പെടുന്ന പക്ഷം തൽസ്ഥാനങ്ങളിൽ കത്തോലിക്കാ മെത്രാന്മാരെ നിയമിക്കുന്നതിനു 381-ൽകൂടിയ കോൺസ്റ്റന്റിനേപ്പോളിലെ സിനഡ് അന്ത്യോക്യാ പാത്രിയർക്കീസിനെ അധികാരപ്പെടുത്തിയിരുന്നു. (Le Quien Vol. II., Gulielmus Tyrius' Book IV) അന്ത്യോക്യാ പാത്രിയർക്കീസ് ആയിരുന്ന പീററർ ക്രി. 1050-ൽ എഴുതിയ ഒരുകത്തിൽ ഇന്ത്യാ, പേർഷ്യാ ബാബേൽ മുതലായ പ്രദേശങ്ങൾ തന്റെ അധികാരാതിർത്തിയിൽപെട്ടവയാണെന്നു പ്രസ്താവിച്ചിട്ടുണ്ട്. ക്രി. 1000-ാമാണ്ട് ബാബേൽ പാത്രിയർക്കീസായിരുന്ന അബ്രാഹം ദ്വിതീയൻ തന്റെ അധികാരാതിർത്തിയിൽ അന്ത്യോക്യാ പാത്രിയർക്കീസിനാൽ നിയുക്തനായ ഒരു കാതോലിക്കാ രാത്രികാലങ്ങളിൽ മെത്രാന്മാരെ അഭിഷേചിക്കുന്നതിനെപ്പററി ബാഗ്ഡാഡിലെ കാലിഫിന്റെ പക്കൽ പരാതിപെട്ടതായികാണുന്നുമുണ്ട്. ഇതിൽനിന്നുംബാബേലിൽ അക്കാലത്തും കത്തോലിക്കാമെത്രാന്മാർ ഉണ്ടായിരുന്നെന്നും തന്നിമിത്തം കേരളത്തിലേക്ക് വന്ന മെത്രാന്മാർ തീർച്ചയായും നെസ്തോറിയന്മാരായിരുന്നിരിക്കണമെന്നില്ലെന്നും വ്യക്തമാണല്ലോ.

ക്രി. 1233-വരെ ബാബേൽപാത്രിയർക്കീസന്മാർ നേരിട്ട് ഇന്ത്യയിലേക്കു മെത്രാന്മാരെ അയച്ചിരുന്നില്ലെന്നും ചരിത്രം സാക്ഷിക്കുന്നു. അന്ത്യോക്യാ ബാബേലിനേയും, ബാബേൽ പേർഷ്യായേയും, പേർഷ്യാ ഇന്ത്യയേയുംനിയന്ത്രിച്ചിരുന്നു. പേർഷ്യയിലെ മെത്രാപ്പോലീത്തായാണ് നേരിട്ട് മെത്രാന്മാരെ കേരളത്തിലേക്കയച്ചിരുന്നതു്. നിക്യാസൂനഹദോസിൽ സംബന്ധിച്ച പേർഷ്യൻ മെത്രാപ്പോലീത്താ,മാർ യോഹന്നാൻ, സൂനഹദോസ് നടപടികളിൽ ഒപ്പുവെച്ചിരിക്കുന്നതു് പേർഷ്യയുടേയും ഇൻഡ്യയുടെയും മെത്രാപ്പോലീത്താ എന്ന നിലയിലാണ്. ബാബേലിലെ നിർദ്ദേശാനുസരണമായിരിക്കണം പേർഷ്യയിൽനിന്നും മെത്രാന്മാർ കേരളത്തിലേക്കയക്കപ്പെട്ടിരുന്നതു്. ബാബേൽ നെസ്തോറിയത്വത്തിനടിപെട്ടപ്പോൾ പേർഷ്യാ ബാബേലുമായുള്ള ബന്ധം വിട്ടത്തി കത്തോലിക്കാ ഐക്യത്തിൽ നിലനിന്നു. (Letter of Esiabus to Archbishop Simon, 600) അന്ത്യോക്യാസിംഹാസനം നെസ്തോറിയൻ പാഷാണ്ഡതക്കു വിധേയമായപ്പോൾ പേർഷ്യായിലും ഇൻഡ്യയിലുമുണ്ടായിരുന്ന മെത്രാന്മാർ കത്തോലിക്കാഐക്യത്തിൽ നിലനില്ക്കുകയും റോമ്മാതിരുസിംഹാസനവുമായി നേരിട്ട് സമ്പർക്കം പുലത്തുകയും ചെയ്തിരുന്നു. (Vide Le Quein Vol. II)1232-ൽ ബാബേൽ പാത്രിയർക്കീസായിരുന്ന സബ്ബോരി ജെസുസ് കത്തോലിക്കാ ഐക്യത്തിലേക്ക് പുന:രൈക്യപ്പെട്ടപ്പോൾ അദ്ദേഹം നേരിട്ട് മെത്രാന്മാരെ ഇന്ത്യയിലേക്കയച്ചിരുന്നു. അതിനു കാരണം അക്കാലത്തു് പേർഷ്യാ ശീശ്മയിൽ പെട്ടതായിരിക്കാം. അന്ത്യോക്യാ സിംഹാസനം ശീശ്മയിൽ ആയിരുന്നപ്പോൾ ബാബേൽ സിംഹാസനം (പുന:രൈക്യപ്പെട്ടശേഷം) റോമ്മായുമായി നേരിട്ടു ബന്ധം പുലത്തിയിരുന്നു. 1232 മുതൽ 1600വരെ ബാബേൽ കത്തോലിക്കാഐക്യത്തിൽതന്നെ നിലനിന്നിരുന്നു. തന്നിമിത്തം ആ കാലത്തു് ബാബേലിൽനിന്നും ഇന്ത്യയിലേക്കു വന്ന മെത്രാന്മാരിൽ ആരും നെസ്തോറിയനായിരുന്നിരിക്കയില്ലെന്നു തീർച്ചയാണല്ലോ. പോർത്തുഗീസുകാർ ഇൻഡ്യയിൽ വന്നപ്പോൾ സൈമൺ ബാർമമ്മാ ആയിരുന്നു ബാബേൽ പാത്രിയർക്കീസ്. അദ്ദേഹം യഥാർത്ഥകത്തോലിക്കനായിരുന്നുവെന്നുള്ളതിനു് നിരവധി തെളിവുകളുണ്ട്. (Vide Bull given by Pope Julius IV. to Patriarch Sulaka in 1552; Cardinal Maffeu's Speech etc. etc.)

J.W. അക്കരപ്പറമ്പ് കമ്പനി
പെട്ടിമരുന്നു് പച്ചമരുന്നു്
മൊത്തകച്ചവടം, തൃശ്ശൂർ.

മേൽസൂചിപ്പിച്ച ചരിത്രസാക്ഷ്യങ്ങളുടെ മുമ്പിൽ ഡോം മെനസിസ് പ്രഭൃതികളുടെ വാദം വിലപ്പോകയില്ലെന്നു തെളിയുന്നുണ്ടല്ലോ. യഥാർത്ഥത്തിൽ പോർത്തുഗീസുകാർ കേരളീയസഭ നെസ്തോറിയത്വത്തിൽപെട്ടുവെന്ന് ആരോപണം നടത്തിയതു് ആ സഭയിൽ കൈകടത്തുന്നതിനും ഭരണാധികാരം പിടിച്ചെടുക്കുന്നതിനുമായിരുന്നു തന്നെ. ത്രെന്തോസ് സൂനഹദോസിൽ സംബന്ധിച്ച പോർത്തുഗീസ് പ്രതിനിധി മാർത്തോമ്മാക്രിസ്ത്യാനികളുടെമേൽ പോർത്തുഗീസുകാർക്കു ഭരണാധികാരം നൽകണമെന്നു ശക്തിയായി വാദിച്ചതും, നാലാമത്തെ പീയൂസ് മാർപ്പാപ്പാ ആ വാദം തിരസ്കരിക്കയും മാർത്തോമ്മാക്രിസ്ത്യാനികൾ അന്നത്തെ ബാബേൽ പാത്രിയർക്കീസായിരുന്ന അബ്ദീശോയുടെ കീഴിലാണെന്നു പ്രസ്താവിക്കയും, കേരളീയസഭയുടെ ഭരണത്തിൽ ബാബേൽപാത്രിയർക്കീസിനു യാതൊരു പ്രതിബന്ധവും വരുത്തരുതെന്നു് പോർത്തുഗീസുകാരോടാജ്ഞാപിക്കയും ചെയ്തുതുമായ വസ്തുതകൾ പോർത്തുഗീസുകാരുടെ ദുരുദ്ദേശത്തെപ്പററി മേൽസൂചിപ്പിച്ച അനുമാനത്തെ ദൃഢീകരിക്കുന്നുണ്ട്. (Vide Giamil, Page 71)

ക്രി. 52-ൽ(?) കേരളത്തിൽ പ്രവേശിച്ച വി. തോമ്മാശ്ലീഹായാണ് കേരളീയ കൽദായസുറിയാനി സഭയുടെ സ്ഥാപകൻ. ആ സഭ അന്നുമുതൽ സത്യവിശ്വാസത്തിലും റോമ്മാതിരുസിംഹാസനത്തോടുള്ള ഐക്യത്തിലും നിലനിന്നുവരുന്നു. ആ സഭയുടെ അംഗങ്ങളിൽ പാഷാണ്ഡതയിലും ശീശ്മയിലും അകപ്പെട്ടവർ ആരും ഇല്ലെന്ന് ആരും വാദിക്കുന്നില്ലാ. എന്നാൽ സഭാഭരണം നടത്തിയ മെത്രാന്മാർ പാഷണ്ഡരായിരുന്നെന്നോ, സഭ മുഴുവനും പാഷണ്ഡതയിൽ അകപ്പെട്ടെന്നോ, ലത്തീൻമിഷ്യനറിമാർ വന്നാണ് പാഷണ്ഡതയിൽനിന്നു സഭയെ മോചിപ്പിച്ചതെന്നോ ആരെങ്കിലും വാദിച്ചാൽ ആ വാദം യാഥാർത്ഥ്യത്തിനും ചരിത്രരേഖകൾക്കും വിരുദ്ധമായിരിക്കും. ലത്തീൻറീത്തുകാരായ വിദേശിയരിൽനിന്നും കേരളകൽദായസഭക്കു മർദ്ദനങ്ങൾ ഉണ്ടാകാതിരുന്നെങ്കിൽ ആ സഭയുടെ അഭിവൃദ്ധിയുടെ ഗതി വിഭിന്നമായിരുന്നേനെ. റീത്തുവ്യത്യാസം എത്രയെത്ര സംഘട്ടനവിഘട്ടനങ്ങൾക്കു കാരണമായിട്ടുണ്ട്!! കേരളീയകത്തോലിക്കരുടെ മതപരവും, സാമൂഹ്യവും, രാഷ്ട്രീയവുമായ പുരോഗതിയുടെ മാർഗ്ഗത്തിൽ ഈ റീത്തുവ്യത്യാസം നുഴഞ്ഞുകയറുന്നില്ലേ എന്ന് ഏവരും ചിന്തിക്കുന്നതു നന്നായിരിക്കും. വി. തോമ്മായും വി. ഫ്രാൻസിസു സേവിയരും നമ്മെ നേർവഴിയിലേക്കു തിരിക്കട്ടെ!

---

സുറിയാനിഭാഷയും സമൃക്കായി പഠിക്കയും ഇടവകഭരണം ആരംഭിക്കുമ്പോൾ ലത്തീൻറീത്തിൽ കാണുന്നതൊക്കെ പരിഷ്കാരമെന്നു കരുതി അവയെല്ലാം നമ്മുടെ റീത്തിൽ കുത്തിച്ചെലുത്താതിരിക്കുകയും വേണം. സിറോ മലബാർ റീത്തിനേക്കുറിച്ചും മററുമുള്ള അഭ്യസനത്തിന് സഹായകമായ പുസ്തകങ്ങൾ നമ്മുടെ സുറിയാനി വൈദികവിദ്യാർത്ഥികളുടെ പാഠ്യപുസ്തകങ്ങളുടെ ഗണത്തിൽ ഉൾപ്പെട്ടമെങ്കിൽ അതു് നന്നായിരിക്കുമെന്ന് തോന്നുന്നു. ഇത്തരത്തിലുള്ള പ്രായോഗികമായ മാർഗ്ഗങ്ങളിലൂടെ നമ്മുടെ റീത്തിനെ സംരക്ഷിച്ചുകൊണ്ടും പുഷ്ടിത്തികൊണ്ടും പോകുവാൻ നമുക്ക് സാധിക്കുമെന്നു പ്രത്യാശിക്കാം. നമ്മുടെ വത്സലപിതാവായ മാർത്തോമ്മാശ്ലീഹാ അവിടുത്തെ അരുമസന്താനങ്ങളായ നമ്മെ ഏവരേയും അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ ലേഖനം ഉപസംഹരിച്ചുകൊള്ളുന്നു.

---

## തന്നത്താനറിയുക

പൊതുസമ്മതി ആർജ്ജിക്കുന്നതിനു ഓരോരുത്തർതന്നെത്താൻ ഒന്നു മനസ്സിലാക്കണം. നിങ്ങൾ മററുള്ളവരുടെയിടയിൽ സമ്മതനല്ലെങ്കിൽ അതിനുള്ള മതിയായകാരണങ്ങൾ കാണും. ഈ ചോദ്യങ്ങൾ സ്വയം ചോദിച്ചു ഉത്തരങ്ങൾ എഴുതുക.

1) നിങ്ങളോടു ഇടപെടുന്ന ആളുകളുടെ കാര്യങ്ങളിൽ നിങ്ങൾ ആത്മാർത്ഥമായ താല്പര്യം കാണിക്കുമോ? അതോ, നിങ്ങളുടെ പ്രതാപപ്രസംഗങ്ങൾ കേൾക്കുവാൻ മാത്രമുള്ള പാവകളായിട്ടാണോ അവരെ കണക്കാക്കുന്നതു്?

2) ഒരു സ്നേഹിതന്റെ വിജയത്തെപ്പററി അറിയുമ്പോൾ നിങ്ങൾക്കു ഖേദമുണ്ടാകുമോ?

3) ബുദ്ധിപൂർവ്വം സംസാരിക്കുവാൻ പ്രാപ്തനാകത്തക്കവണ്ണം നിങ്ങൾ വായിക്കുന്നുണ്ടോ?

4) മററാരും ശ്രദ്ധിക്കാത്ത കാരണത്തിന്മേൽ മൂലയിൽ ഖേദിച്ചിരിക്കുന്ന സ്വഭാവം നിങ്ങൾക്കുണ്ടോ?

5) മററുള്ളവരുടെ സുഖാസുഖങ്ങളെ ആദരിച്ചു അവരെ സന്തുഷ്ടരാക്കുവാൻ നിങ്ങൾ ശ്രമിക്കുന്നുണ്ടോ?

6) മററുള്ളവർ ഇങ്ങോട്ടു കാണിക്കണമെന്നു നിങ്ങൾ ആഗ്രഹിക്കുന്ന ഔദാര്യ മര്യാദ നിങ്ങൾ അവരോടു കാണിക്കുന്നുണ്ടോ?

www.TheCMSIndia.org

# നസ്രാണികളുടെ കാലപരിഗണനകൾ



**ആദ്യമാദ്യം മററു രാജ്യങ്ങളിലെപ്പോലെ അതതു കാലത്തെ നാടുവാഴിയുടെ വാഴ്ചയുടെ ഇത്രാമാണ്ട് എന്ന മുറയ്ക്കു കാലനിർണ്ണയം സാധിച്ചിരുന്നു. പ്രഭവ, വിഭവ, എന്നിങ്ങനെ തുടങ്ങുന്ന 60 വർഷംകൂടിയ കാലചക്രം ചിലേടത്തു ഉപയോഗിച്ചിരുന്നു.**

**(റവ. ഫാദർ കോൺസ്റ്റൻെറൻ ടി. ഒ. സി. ഡി.)**



ലേഖകൻ.

ഭൂമിശാസ്ത്രത്തിൽ ഒരുസ്ഥലത്തിൻെറ സ്ഥാനം നിർണ്ണയിക്കുന്നതു് അതിൻെറ അക്ഷാംശധ്രുവാംശങ്ങൾ നോക്കിയാണല്ലൊ. ഒരു സ്ഥലത്തിൻെറ അക്ഷാംശം 22° 30′ വടക്കും ധ്രുവാംശം 88° 30′ കിഴക്കുമാണെന്നു കേട്ടാൽ ഉടനെ ഭൂപടമെടുത്തു സ്ഥലം കണ്ടുപിടിക്കുകയായി. ഭൂമദ്ധ്യരേഖയ്ക്കു 22 ഡിഗ്രി 30 മിനിട്ടു വടക്കും ഗ്രീനിച്ചിനു 88 ഡിഗ്രി 30 മിനിട്ടു കിഴക്കും കിടക്കുന്നതു് കൽക്കട്ടായാണു്. ഇനിയും അതു ഭൂമദ്ധ്യരേഖയ്ക്കു എത്ര മൈൽ വടക്കും ഗ്രീനിച്ചിനു എത്ര മൈൽ കിഴക്കുമാണെന്നു് കണക്കുകൂട്ടി എടുക്കാവുന്നതുമാണു്. അക്ഷാംശധ്രുവാംശങ്ങൾ ഭൂപടത്തിനു പുറമെ, നാം സാധാരണ ചെയ്യുന്നതോ? നാഴികക്കല്ലു നോക്കുക. ഒരു സ്ഥലം നമുക്കു പരിചയമുള്ള ഒന്ന പട്ടത്തിൽനിന്നു ഇത്ര മൈൽ അകലെ എന്നു കണ്ടാൽ മതി, ഭൂമിക്കുനോക്കി അതിൻെറ സ്ഥാനം നിർണ്ണയിക്കാൻ.

ഇതുപോലെ കാലപരിഗണനയ്ക്കും നാഴികക്കല്ലുകളുണ്ടു്, ആരംഭസ്ഥാനങ്ങളുണ്ടു്. ഭൂമിശാസ്ത്രത്തിലെന്നപോലെ ചരിത്രത്തിലും ചില അക്ഷാംശധ്രുവാംശരേഖകളുണ്ടു്. ഭൂമദ്ധ്യരേഖയും ഗ്രീനിച്ച് ഉച്ചരേഖയുംപോലെയുള്ള ആരംഭസ്ഥാനങ്ങളാണു് അബ്ദങ്ങൾ അഥവാ യുഗങ്ങൾ. ഓരോ പ്രധാന സ്ഥലങ്ങളിൽനിന്നു ദൂരം കണക്കാക്കുന്നതുപോലെ, മഹാന്മാരുടെ കാലഘട്ടത്തെയോ, സുപ്രധാന ചരിത്രസംഭവത്തെയോ, ശ്രദ്ധേയമായ പ്രതിസന്ധിയേയോ, സാമുദായികവും സാംസ്കാരികവും മാനസികവുമായ പുരോഗതിയെയോ അടിസ്ഥാനമാക്കി കാലദൈർഘ്യം കണക്കാക്കുന്നു. നാൾവഴി കുറിക്കാൻ, ചരിത്രമെഴുതാൻ തുടങ്ങിയ നാൾമുതൽ കാലനിർണ്ണയം ചെയ്യേണ്ടതിൻെറ ആവശ്യവും വന്നുകൂടി. അന്നുമുതൽ പലേതരത്തിലുള്ള കാലപരിഗണനകൾ സ്വീകരിച്ചിട്ടുണ്ടു്: ആദ്യമാദ്യം അവ്യക്തമായിമാത്രം. ഉദാഹരണത്തിനു, ഇന്ന രാജാവു് വാഴ്ചയേററിട്ടു ഇത്രാമാണ്ടു്, അല്ലെങ്കിൽ ഇന്നയാൾ കഴിഞ്ഞു ഇന്നയാൾ. അന്നു അങ്ങനെ തുടർച്ചയായി വിപുലമായ ചരിത്രമെഴുതുക സാധാരണമായിരുന്നില്ല. ഓരോരുത്തരും താന്താങ്ങളുടെ ഒതുങ്ങിയ പരിധിയിൽ കഴിഞ്ഞുകൂടിയിരുന്നു. എന്നല്ല ദീർഘമായ കാലസംഖ്യതന്നെ അവ്യക്തമായിരുന്നിരിക്കാം. അതുകൊണ്ടോ എന്തോ ചിലേടത്തു നാലോ പത്തോ അറുപതോ എൺപതോ എൺപത്തിനാലോ വർഷം കൂടുന്ന കാലചക്രം സ്വീകരിച്ചുപോന്നു. ഒരു നിശ്ചിത ആളിനെ അല്ലെങ്കിൽ സംഭവത്തെ ആധാരമാക്കി സൂക്ഷ്മമായ, കാലാനുക്രമമായ പുരാവൃത്തവിവരണം ചെയ്യുകയാണുന്നതു പിന്നീടാണു്. അതിൻെറ ആവശ്യമോ അഭിനിവേശമോ അന്നു വക്കുതോന്നിയിരിക്കയില്ല. നിശ്ചിതമായൊരു ആരംഭസ്ഥാനമില്ലാതെ കൃത്യമായ കാലനിർണ്ണയം ചെയ്യുക സുകരമല്ലല്ലോ. ഇതു ഗ്രഹിച്ചിട്ടാണു ഓരോ രാജ്യക്കാരും രാജ്യവിഭാഗക്കാരും തങ്ങളുടെ ആരാധ്യപുരുഷന്മാരോടോ ദേശീയപ്രധാനമായ സംഭവത്തോടു ഘടിപ്പിച്ച പ്രത്യേകം പ്രത്യേകം യുഗങ്ങൾ നിർമ്മിച്ചു. കാലാന്തരത്തിൽ ചിന്നിച്ചിതറികിടന്നിരുന്ന ജനപദങ്ങൾ ഒരുമിച്ചപ്പോൾ അപ്രധാനങ്ങൾ എല്ലാം തിരസ്കൃതങ്ങളായി. പിന്നീടു് എല്ലാവർക്കും സ്വീകാര്യമായ ആരംഭസ്ഥാനം കണ്ടുപിടിക്കുന്നതിനുള്ള ബദ്ധപ്പാടിൽ സൃഷ്ടിവർഷം ആരായാൻ തുടങ്ങി. എന്നാൽ വിശുദ്ധ ഗ്രന്ഥങ്ങളിൽനിന്നു സൃഷ്ടിവർഷം കണ്ടുപിടിക്കാൻ വഹിയാ. പ്രപഞ്ചസൃഷ്ടിയേക്കുറിച്ചും ആദ്യമനുഷ്യനെക്കുറിച്ചും ഗോത്രപിതാക്കന്മാരെക്കുറിച്ചും മററും അതിൽ പ്രസ്താവിക്കുന്നുണ്ടെങ്കിലും ഇടമുറിയാതെയുള്ള ക്രമാനുഗതമായ കാലപരിഗണന സ്വീകരിച്ചിട്ടുണ്ടെന്നു വിചാരിക്കാൻ ലക്ഷ്യമൊന്നുമില്ല. (സ്വീകരിക്കേണ്ട ആവശ്യവുമില്ലായിരുന്നു.) അതുകൊണ്ടുതന്നെയാണു് (ലോക) സൃഷ്ടിവർഷം നിർണ്ണയിച്ചതിൽ ആരുമാരും യോജിക്കാഞ്ഞതു്. ഓരോ രാജ്യക്കാർക്കും തനിച്ചു തനിച്ചു സൃഷ്ടിവർഷം ഉണ്ടായി. അതു താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽനിന്നു മനസ്സിലാകാം. ഇന്നു യൂദന്മാർ മാത്രമെ സൃഷ്ടിവർഷം ഉപയോഗിക്കുന്നുള്ളു എന്നാണു് തോന്നുന്നതു്. ക്രിസ്തുവിനു് മുമ്പുമുതൽക്കേ മററു പല അബ്ദങ്ങൾ പ്രയോഗത്തിൽ വന്നിട്ടുണ്ടു്. അതതു സ്ഥലത്തു നിലവിലിരുന്ന അബ്ദങ്ങൾ ഏതെല്ലാമാണെന്നും അവയ്ക്കു ഓരോന്നിനും നമുക്കു ഏററം പരിചിതമായ ക്രിസ്ത്വബ്ദത്തോടുള്ള സമഫലം എന്തെന്നും മററും അറിയുന്നതു ചരിത്രത്തിൻെറ ഏടുകൾ മറിക്കുന്ന വിദ്യാർത്ഥിക്കും ഗ്രന്ഥം ചമയ്ക്കുവാൻ കരുതുന്ന ചരിത്രകാരനും ഭൂമിയുടെ ഉള്ളറകൾ പരിശോധിക്കുന്ന ഗവേഷകനും ഗ്രന്ഥങ്ങൾ കാലാനുക്രമമായി തരംതിരിച്ചു അടുക്കിവയ്ക്കുന്ന ഗ്രന്ഥാലയാധികൃതർക്കും എല്ലാം അനുപേക്ഷണീയമത്രെ.

(പട്ടിക 209-ാം പേജിൽ കാണുക.)

കേരളീയർ ഇവയിൽ ഏതെല്ലാമാണു സ്വീകരിച്ചിരുന്നതു്? ആദ്യമാദ്യം മററു രാജ്യങ്ങളിലെപ്പോലെ അതതുകാലത്തെ നാടുവാഴിയുടെ വാഴ്ചയുടെ ഇത്രാമാണ്ടു എന്ന മുറയ്ക്കു കാലനിർണ്ണയം സാധിച്ചിരുന്നു. പ്രഭവ, വിഭവ എന്നിങ്ങനെ തുടങ്ങുന്ന 60 വർഷംകൂടിയ കാലചക്രം ചിലേടത്തു ഉപയോഗിച്ചിരുന്നു. എന്നാൽ പുരാതനമായ പല രേഖകളിലും ആണ്ടു തീയതിക്കു പകരം ഗ്രഹനിലയാണു് കാണിച്ചിരിക്കുന്നതു്. അബ്ദങ്ങളെ സംബന്ധിച്ചേടത്തോളം, കല്യബ്ദം, കൊല്ലവർഷം, പുതുവൈപ്പുവർഷം, സെല്യൂക്കസിൻെറ ഗ്രീക്കുവർഷം (സിറോ– മാസിഡോണിയ വർഷം) ശകവർഷം, ക്രിസ്തുവർഷം ഇവയാണു ഉപയോഗിച്ചിരുന്നതു്. ഇവയിൽ ഏതെല്ലാമാണു മാർത്തോമ്മാനസ്രാണികൾ ഉപയോഗിച്ചിരുന്നതെന്നാണു് കാണേണ്ടതു്.

## I കല്യബ്ദം.

കൊല്ലവർഷം തുടങ്ങുംമുമ്പ് മാർതോമ്മാ നസ്രാണികൾ കല്യബ്ദമാണു് ഉപയോഗിച്ചിരുന്നതെന്നു ചില കേരളസഭാചരിത്രകാരന്മാർ പറയുന്നുണ്ടെങ്കിലും തെളിവൊന്നും നൽകുന്നില്ല. കലിവർഷക്കണക്കിൽ ചില ഹിന്ദുമതതത്വങ്ങൾ കലർന്നിട്ടുള്ളതുകൊണ്ടു അതു ക്രിസ്ത്യാനികൾ സ്വീകരിച്ചിരിക്കാൻ ഇടയുണ്ടോ ഇല്ലെങ്കിൽ പിന്നെ എന്തു ഉപയോഗിച്ചിരുന്നു എന്നാണു് അവർ ചോദിക്കുന്നതു്. അന്നു ഏതെങ്കിലും ഒന്നു ഉപയോഗിച്ചിരുന്നെങ്കിൽ, അതു് വിദേശസുറിയാനിക്കാരുമായുള്ള നമ്മുടെ സമ്പർക്കവും മററും നോക്കുമ്പോൾ, സെല്യൂക്കസിൻെറ ഗ്രീക്കുവർഷം ആയിരിക്കാനല്ലേ കൂടുതൽ ന്യായം? (അതേക്കുറിച്ചു അന്യത്ര.) കലിയുഗം (1) 432000 സൗരവത്സരം കൂടിയതാണത്രേ. കല്യബ്ദം ക്രി. മു. 3102, ഫെബ്രുവരി 17–നും 18–നും ഇടയ്ക്കുള്ള അർദ്ധരാത്രിയിൽ ആരംഭിച്ചെന്നു ഹിന്ദുജ്യോതിഷികന്മാർ ഗണിച്ചെടുത്തിരിക്കുന്നു.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ത്താലിയൻ എന്നീ ഭാഷകളിലും പരിശീലനം സമ്പാദിച്ചു. 1846–ൽ നമ്മുടെ കഥാപാത്രം മാന്നാനത്തു് ഒരു സംസ്കൃതവിദ്യാലയം ആരംഭിച്ചു. അതിൽ ആശ്രമവാസികളും മററുള്ളവരുംചേർന്നു് പഠിച്ചിരുന്നു. മലയാളത്തിലും സംസ്കൃതത്തിലും നല്ല വ്യുൽപ്പത്തിയുണ്ടായിരുന്ന തൃശ്ശൂർകാരനായ ഒരു വാര്യരായിരുന്നു ആദ്യത്തെ ഉപാദ്ധ്യായൻ 1871 മകരം മൂന്നാംതീയതി അദ്ദേഹം ചരമഗതി പ്രാപിച്ചു.

കൃതികൾ 1) ആത്മാനുതാപം 2) നല്ലഅപ്പൻെറ ചാവരുൾ 3) നാളാഗമം 4) റോക്കോസ് ശീശ്മയുടെ ചരിത്രം 5) പാലയ്ക്കൽ മല്പാനച്ചൻെറയും പോരൂക്കരെ മല്പാനച്ചൻെറയും ചരിത്രസംഗ്രഹം. 6) ജ്ഞാനസല്ലാപങ്ങൾ 7) പള്ളിപ്പഞ്ചാംഗം 8) മരണപർവ്വം 9) എക്ലോഗുകൾ.

ആത്മാനുതാപം

ഇതു് ഇദ്ദേഹത്തിൻെറ സ്വജീവചരിത്രത്തിൻെറ അംശങ്ങൾ പദ്യകൃതിയായി രചിച്ചിട്ടുള്ളതാണു്. ഈ കൃതിയെപ്പററി സുപ്രസിദ്ധസാഹിത്യകാരനായ സി. അന്തപ്പായി നസ്രാണിദീപിക 1902, XVIലക്കത്തിൽ ഇങ്ങനെ എഴുതുകയുണ്ടായി- ''പദ്യരൂപമായ ഈ പുസ്തകം ബാല്യത്തിൽ ഞാൻ ഒന്നോരണ്ടോതവണ വായിച്ചിട്ടുണ്ടു്. അതിൽപിന്നെ ഇപ്പോൾ മാത്രമാണു് അതു് രണ്ടാമതും വായിക്കുവാനിടയായിട്ടുള്ളതു്. എങ്കിലും അതിൻെറ കർത്താവിനെപ്പററി എനിക്കുചെറുപ്പത്തിൽ തോന്നിയഭക്തിയും ബഹുമാനവും അനേക സംവത്സരങ്ങൾ ഇടവിട്ടുണ്ടായ തൽകൃതിയുടെ വായനകൊണ്ടു് ലേശവും കുറയുന്നില്ല. ബാല്യത്തിൽ ഞാൻ വയിച്ചിട്ടുള്ള മററു പല ഗ്രന്ഥങ്ങളെക്കുറിച്ചു് ഇപ്രകാരം എനിക്കുപറഞ്ഞുകൂടാ. ഇതിൻെറ കർത്താവു് പദ്യങ്ങൾ രചിക്കുന്നതിൽ ലാഘവമുള്ള ഒരാളായിരുന്നു എന്നു് വേണ്ടുവോളം തെളിയുന്നുണ്ടു്. എന്നതന്നെയല്ല അദ്ദേഹം ബാല്യത്തിൽതന്നെ വൈദികമായ അദ്ധ്യയനത്തിനുപോയ അവസ്ഥതന്നെ ആലോചിച്ചാൽ അദ്ദേഹത്തിനുണ്ടായിരുന്നതായി ഈ കൃതിയിൽ പ്രത്യക്ഷപ്പെടുന്ന വ്യുൽപ്പത്തി പ്രശംസാവഹമായിരിക്കുന്നു. ബലദാക്ഷ്യമായ ഒരു വരിയെങ്കിലും ഈ പുസ്തകത്തിൽ കാണുന്നില്ല. ആദ്ധ്യാത്മികമായ വിചാരങ്ങൾ എല്ലാപാദങ്ങളിലുമുണ്ടു്. അവ അതീവഭക്തജനകങ്ങളും യഥാർത്ഥമായി മനസ്സിൽതോന്നിയതിനെമാത്രം പറയുന്ന ഒരാളാണു് ഈ ഗ്രന്ഥകർത്താവു് എന്നു് വായനാരെ വിശ്വസിപ്പിക്കത്തക്കവയുമാകുന്നു!!.

വായനക്കാരുടെ അറിവിലേക്കായി പ്രസ്തുതകൃതിയുടെ ചില മാതൃകകൾ ഇവിടെ ഉദ്ധരിക്കാം. സ്വന്തം അമ്മയെപ്പററിനമ്മുടെ കഥാനായകൻതന്നെ ആത്മാനുതാപം എന്ന കൃതിയിൽ ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു.

''പൈതൽക്കാലത്തിൽ തീററിവളർത്തുവാൻ
അശ്ശുംക്രൂടാതെ തന്മാതാവിനെ
അവൾക്കു് നീ കൊടുത്തോരുത്സാഹത്താൽ
അമൃതുപാനം തന്നുവളർത്തുമ്പോൾ
അതിനോടുകലർത്തി ജപങ്ങളും
അപ്പോൾതന്നെ ഗ്രഹിപ്പിച്ചുതന്നവൾ
ദൃഢംവന്നപ്പോൾ ജപങ്ങളൊക്കെയും
ദൃഢംകൂടാതെ പഠിപ്പുനിശ്ചയം.
അന്നവളുടെ കൈപ്പൂവിരുന്നു- ഞാൻ
മന്ദത്തോടെ അറിഞ്ഞുദൈവത്തേയും
എന്നവൾ രാത്രിപാതിരനേരത്തും
മന്ദംനീക്കി ഉണർന്നെഴുന്നേററിട്ടു്.
മുട്ടുകുത്തിനമസ്കാരം ചെയ്യുമ്പോൾ
ഒട്ടുനേരംഞാൻ മുട്ടിന്മേൽചാഞ്ഞിടും
രാജപം ദേവമാതാവിൻപ്രാർത്ഥനാ
രാജരാജനീശോടെ നാമജപം
പരൻ ജ്യോതിസെ ഈശോയെരക്ഷിക്ക
പറമ്പിൻെറപുഷ്പം നീ ജയാ ജയാ.
എന്നിവണ്ണമോരോരോ ജപങ്ങളെ
നന്ദിയോടുച്ചരിക്കുന്ന നേരത്തു്
മന്ദംമന്ദമായ്ക്കേട്ടിരുന്നും കൊണ്ടു്
സുന്ദരിയുടെ പാതേഉറങ്ങിഞാൻ''

മറെറാരു മാതൃകനോക്കുക:–

''ഇങ്ങനെ ദശവത്സരംചെന്നപ്പോൾ
അങ്ങിന്നെന്നെവിളിച്ചു മഹാദയാൽ
എന്നതു് മഹാനിശ്ചയമെന്നുള്ളിൽ
അന്നല്ലെങ്കിലിങ്ങോട്ടു ഗതിയില്ല.
എന്നതുമല്ല എന്നുടെവംശത്തിൽ
അന്നൊരുത്തനുമില്ലാ, ഈസ്ഥാനത്തിൽ
എന്നനേരമൊരുത്തൻ യദൃശ്ചയാൽ
ചെന്നുമാം മഹാസ്ഥാനത്തിൽകേററുവാൻ
എന്നതു മമമാതൃവിൻശ്രോത്രത്തിൽ
ചെന്നുവീണപ്പോൾ നന്നായ്‌തെളിഞ്ഞവൾ
രണ്ടുപുത്രരിലേകം ദൈവത്തിനായ്
കൊണ്ടു ദാനമൈക്യമുത്തമം
എന്നുറച്ചുത്സാഹിച്ചതു കാരണാൽ
അന്നുതൊട്ടവരിൽനിന്നു് വേർവിട്ടു്
ദൈവം തന്നുടെയെന്തികെചേരുവാൻ
ദിവ്യകാരുണ്യകാരണം ചിത്തമായ്''

പാറേമ്മാക്കൽ ഗോവർണ്ണദോരച്ചൻെറ കാലശേഷംഉണ്ടായിട്ടുള്ള പുരാതന കത്തോലിക്കാ സാഹിത്യകാരന്മാരുടെ ഗണത്തിൽ ഒരു ഗണ്യമായ സ്ഥാനം പദ്യവും ഗദ്യവുമായി ഏഴ ഭാഷാകൃതികളുടെ കർത്താവായ ഇദ്ദേഹത്തിനുണ്ടെന്നു് പറയുന്നതിൽ ഭിന്നാഭിപ്രായത്തിനു് വകയുണ്ടെന്നു തോന്നുന്നില്ല. ഒരു നൂററുകൊല്ലങ്ങൾക്കുമുമ്പു് പദ്യത്തിലുംഗദ്യത്തിലും ഇത്രധാരാളമായിഎഴുതിയിട്ടുള്ളവർ ഏറെയാരും കേരളത്തിലുണ്ടെന്നു തോന്നുന്നില്ല. ശൈവ്വാണീഭക്തനായ കേരളവർമ്മദേവൻെറ ''അസ്പവ്വതനിതംബത്തെ അഭിമുഖീകരിച്ചു് ലംബമാനമായ'' എന്നുള്ള സംസ്കൃതഭാഷാ പ്രവാഹത്തിനു് അരശതാബ്ദം മുമ്പു് ഒരു സംസ്കൃത വിദ്യാലയം പോലും സ്ഥാപിച്ചുനടത്തിയ ചാവറയച്ചൻെറ തദ്ഭാഷാപ്രണയം എത്രമാത്രം ശക്തിമത്തായിരുന്നുവെന്നു് ഊഹ്യമാണല്ലൊ.

ഈ പദ്യകൃതിയും ആകെ അഞ്ചുപാദങ്ങളുള്ളതായി കാണുന്നു. ഒന്നാംപാദത്തിൽ സ്വസ്രഷ്ടാവിനോടുള്ള നന്ദിപ്രകാശവും രണ്ടാംഭാഗത്തിൽ സ്വജീവചരിത്രവും മൂന്നാംപാദത്തിൽ

കാരുണ്യനാഥനാം ദേവകുമാരൻെറ
അരുണ്യശോഭയെ കാണായ്‌വേണം

എന്നാരംഭിച്ചു് മിശിഹായുടെ ജനനംമുതൽ മരണംവരെയുള്ള പ്രധാന സംഭവങ്ങള ക്രോഡീകരിച്ചിട്ടുണ്ടു്. നാലാംപാദത്തിൽ പഴയപുതിയ നിയമങ്ങളിലെ ചില സംഭവങ്ങളെ വിവരിക്കുന്നു.

''ഉന്നതൻ സർവ്വേശ്വരൻ പന്നഗത്തിനെ നോക്കി
മണ്ണിൽ നീയിഴഞ്ഞീടും ധൂളി നീ നക്കിത്തിന്നും
എന്നരുൾചെയ്തു ശേഷമാദി മാതാവെപ്പാർത്തു
നിന്നുടെ സുതന്മാർക്കു് മിവനും– ശത്രുത്വവും''
(4–ാം പാദം)

''നിന്നുടെ തിരുമേനി സുന്ദരതിരുമുഖം
മിന്നുന്ന നയനങ്ങൾ ശോഭിതതിരുനാസി
ചുവന്നോരധരങ്ങൾ ശംഖവൽദന്തങ്ങളും
ചുണ്ടിൽ നിന്നൊഴുകുന്ന തേൻതുള്ളി സ്വരങ്ങളും''
(5–ാംപാദം)

ഈ കൃതയിൽ തുച്ഛങ്ങളായ ചില ഛന്ദസ്സാപഭ്രംശങ്ങൾ ഒരു ദോഷൈകദൃക്കു് കണ്ടെന്നുവരാം. ഈ കൃതിയുടെ രചനാകാലം അനുസ്മരിക്കുന്നപക്ഷം ഇവ നിഷ് പ്രഭങ്ങളാണെന്നു സ്പഷ്ടം.

## 2. നാളാഗമം

1829 മുതൽ 1870 വരെ രണ്ടുഗ്രന്ഥങ്ങളിലായി സ്വന്തം കൈപ്പടയിൽ അദ്ദേഹം എഴുതിവച്ചിട്ടുള്ള വിസ്തൃതമായ നാളാഗമം ആ കാലഘട്ടത്തെ മലങ്കരസഭയുടെ ഒരു ചരിത്രം തന്നെയാകുന്നു എന്നു പറയാം.

## 3. റോക്കോസ് ശീശ്മയുടെ ചരിത്രം

200–ൽപരം പക്ഷങ്ങളുള്ളതും അദ്ദേഹത്താൽ വിരചിതവുമായ റോക്കോസ് ശീശ്മയുടെ ചരിത്രം അമൂല്യമായ ഒരു ചരിത്രരേഖയായി എന്നാളും പരിഗണിക്കപ്പെടുന്നതാണു്.

## 4. പാലയ്ക്കൽമല്പാനച്ചൻെറയും പോരൂക്കര മല്പാനച്ചൻെറയും ചരിത്ര സംഗ്രഹം

കുര്യാക്കോസച്ചൻ എഴുതിയിട്ടുള്ള ഈ പുസ്തകം അകട്ടെ മലങ്കരസഭയുടെ 18–ാം ശതാ

## പ്രാസംഗകനിൽ നിന്നു

ദരിദ്രനോതുന്ന ജപങ്ങളേത്തും
ശരിയ്ക്കുദൈവം തരസാശ്രവിക്കും
സ്മരിക്കനീ പ്രാർത്ഥിതമായതീർപ്പും
തിരിച്ചുവന്നെത്തുമരക്ഷണത്തിൽ.

ബലഹീനന്മാർ മററു് ആശ്രയമില്ലാതെ ദൈവസമക്ഷം സങ്കടം ബോധിപ്പിക്കുന്നു. അവിടുന്നു് സകല ജനങ്ങളുടെയും പിതാവും രാജാവുമാകയാൽ അതിനെ ഉടനെ കേൾക്കുകയും അവരെ (ദരിദ്രരെ) പീഡിപ്പിച്ചവർക്കു് ന്യായമായ പ്രതികാരം ചെയ്കയും സങ്കടനിവൃത്തി വരുത്തുകയും ചെയ്യുന്നു. ദരിദ്രരെ ഞെരുക്കുന്നതു് ദൈവസമക്ഷം അന്യായപ്പെടുന്ന ഒരു മഹാ പാപമാണെന്നു നാം അറിഞ്ഞിട്ടുള്ളതാണല്ലൊ. ദരിദ്രൻ പ്രാർത്ഥിക്കുന്നതിനു മുൻപായിതന്നെയും ദൈവം അവൻെറ സങ്കടം കേൾക്കുന്നു.

ബ്ദത്തിലെ ചരിത്രവിഭാഗത്തിലേക്കും നമ്മെ പ്രവേശിപ്പിക്കുന്നു.

### 5. നല്ല അപ്പന്റെ ചാവരുകൾ

ഈ പുസ്തകം കൈനകരി ഇടവകക്കാർക്കായി അദ്ദേഹം എഴുതിക്കൊടുത്തിട്ടുള്ളതാണു്. ഈ സാരോപദേശകസഞ്ചിക ഇന്നും കേരളത്തിലെ പല കത്തോലിക്കാ കുടുംബങ്ങളിലും വേദപ്രമാണതുല്യം നിത്യപാരായണവിഷയമായിട്ടാണിരിക്കുന്നതു്.

### മരണപർവ്വം

മരണപർവ്വം ആദിയായി ചില പർവ്വങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ടു്.

### എക്ലോക്കകൾ

ക്രിസ്സ്മസ് കാലത്തെ ഉദ്ദേശിച്ചു് 'എക്ലോക്കക'ൾ എന്നപേരിൽ ഗദ്യപദ്യമയമായി രചിച്ചിട്ടുള്ള പ്രഹസനങ്ങൾ ഭക്തിരസം കവിഞ്ഞൊഴുകുന്ന കൃതിതല്ലജങ്ങളാണു്.

### 14. തകടിയാൻ 1815–1879

കോട്ടയത്തു് അടുത്തുള്ള തകിടിയേൽ എന്ന പുരാതന കുടുംബത്തിൽ 1815 മേമാസം 15–ാംനു- ജനിച്ചു. ഇദ്ദേഹത്തിന്റെ ജനനം സുപ്രസിദ്ധ ഭാഷാപ്രണയികളായ ഗുണ്ടർട്ടിനു് ഒരുവർഷം മുമ്പും വെണ്മണി അച്ചൻ നമ്പൂതിരിക്കു് രണ്ടുവർഷംമുമ്പും ജോർജ്ജ് മാത്തനു് നാലുവർഷം മുമ്പും വൈക്കത്തു പാച്ചു മൂത്തതിനു് 8 വർഷങ്ങൾക്കുമുമ്പും കോവുണ്ണി നെടുങ്ങാടിക്കു് 16 വർഷം മുമ്പും നിധിയിരിക്കൽ മാണിക്കത്തനാക്കു് 23 വർഷം മുമ്പും നടുവത്തഛൻ നമ്പൂതിരിക്കു 26 വർഷങ്ങൾക്കു മുമ്പും കൈക്കൊളങ്ങര രാമവാര്യർക്കു് 28 വർഷങ്ങൾക്കുമുമ്പും വലിയ കോയിത്തമ്പുരാനു് 30 വർഷങ്ങൾക്കുമുമ്പും ആയിരുന്നു. മലയാണ്മപ്രയോഗം തിരസ്കരിച്ചു് മധുരമധുര ഭാഷാസംസ്കൃതാദ്യോന്യ സമ്മേളന സുരഭിലഭാഷയിൽ ആദ്യം കവനം ചെയ്തതു് തകടിയാനാണെന്നു തോന്നുന്നു. അന്നത്തെ അവ്യക്തമായ മലയാളത്തെ പരിത്യജിച്ചു് ''വാക്യംരസാത്മകം കാവ്യം'' എന്ന തത്വത്തെ അടിസ്ഥാനമാക്കി സരസകോമളമായ മണിപ്രവാളശൈലി ഉപയോഗിച്ചു് തകിടിയാൻ കവിതയെഴുതി തുടങ്ങി. ഗൈർവ്വാണീ പദങ്ങളായ മണികളും കൈരളീപദങ്ങളായ പ്രവാളങ്ങളും കൂടി കൂട്ടിക്കൊരുത്തുണ്ടാക്കിയ നിരവധിസുവർണ്ണഹാരങ്ങൾസാഹിതീദേവിയുടെ കളകണ്ഠത്തിൽ അദ്ദേഹം ചാർത്തിയിട്ടുണ്ടു്.

19–ാം ശതവർഷംകൈരളിയെ സംബന്ധിച്ചിടത്തോളം പലവിധത്തിലും ഒരു വിജയശതകമായിരുന്നു. ആ വിജയത്തിനു കാരണഭൂതന്മാരിൽ ഒരു പ്രമുഖനാണു് ഒരു മഹാകുലപ്രസൂതനും കവികുഞ്ജരനുമായിരുന്ന തകടിയാൻ. പക്ഷെ അദ്ദേഹത്തിന്റെ അനുഗ്രഹീതനാമം സമകാലീനകവികളുടെ ഗണത്തിൽ ഭാഷാചരിത്രകാരന്മാർ ഉൾപ്പെടുത്തിക്കാണാത്തതുകൊണ്ടു് സ്വല്പം വിസ്തരിച്ചു് ഇവിടെ പ്രസ്താവിക്കാം. നമ്മുടെ കഥാപാത്രത്തിനു് സംസ്കൃതം, മലയാളം, തമിഴ് ഈ മൂന്നു ഭാഷകളിലും അസാമാന്യമായ പാണ്ഡിത്യമുണ്ടായിരുന്നു. അതിലുപരിയായി ഒരുദ്ഭൂതകവിയും വാസനാകവിയുമായിരുന്നു അദ്ദേഹം. നിരവധി ഗാനങ്ങളും കീർത്തനങ്ങളും ഖണ്ഡകാവ്യങ്ങളും ''ചിന്തുകളും'' രചിച്ചിട്ടുണ്ടു്പുന്നത്തുറപ്പള്ളി, കൈപ്പുഴപ്പള്ളി, പിറവത്തു പുത്തൻപള്ളി, ടി പഴയപള്ളി, കോട്ടയത്തു് ഇടയ്ക്കാട്ടുപള്ളി ഇവയുടെ പാട്ടുകളും കോട്ടയത്തു് ഇടയ്ക്കാട്ടുപള്ളി, കണ്ണങ്കരപ്പള്ളിഇവയുടെ "ചിന്തു''കളും ജ്ഞാനകീർത്തനവും സ്തുതിപ്പും ഇദ്ദേഹത്തിന്റെ കൃതികളാണു്. മീനച്ചിലാറിനെപ്പററി രസകരമായ മറെറാരു ഖണ്ഡകാവ്യവും ഇദ്ദേഹം രചിച്ചിട്ടുണ്ടു്. പക്ഷെ അതിതുവരെയും ലഭിച്ചിട്ടില്ല. ഏതാനും മാതൃകകൾ ചേർക്കാം.

ചിന്തും പാട്ടും തമ്മിലുള്ള വ്യത്യാസം ഒരുപക്ഷെ എല്ലാവർക്കും സുഗ്രഹമായി എന്നുവരാവുന്നതല്ല. അതുകൊണ്ടു സ്വല്പം പറയാം. സുബ്രഹ്മണ്യസ്തുതിക്കായി ഹിന്തുക്കൾ മൂന്നടികളിൽ മുളിപ്പാട്ടിന്റെ സമ്പ്രദായത്തിൽ ആലപിക്കുന്ന ഗാനരീതിസ്ഥാണു് ചിന്തെന്നു പറയുന്നതു്. മററുപാട്ടുകൾക്കെല്ലാം പദ്യങ്ങളിലെപോലെനാലു പാദങ്ങളുമുണ്ടു്. തകിടിയാന്റെകാലത്തു്ഹിന്തുക്കളുടെ ഇടയിൽ ചിന്തു് സർവ്വസാധാരമായിരുന്നതു്കൊണ്ടാണു് നമ്മുടെ കവി ആ ഗാനം രചിച്ചതു്. ഇപ്പോൾ ഈ രീതി പ്രചാരലുപ്തമാണു്. എഴുത്തഛന്റെ കിളിപ്പാട്ടും കുഞ്ചൻ നമ്പ്യാരുടെ തുള്ളൽപ്പാട്ടും ഹൃദയംഗമമായി രചിച്ചിട്ടുള്ള മററു കവികൾ അക്കാലത്തു ചുരുക്കമാണു്. എന്നാൽ തകടിയാന്റെ കിളിപ്പാട്ടും തുള്ളൽപാട്ടും ആ ചുരുക്കം പേരിൽ സമുന്നതസ്ഥാനത്താണു നിൽക്കുന്നതെന്നു് നിഷ്പ്രയാസം കാണാവുന്നതാണു്.

### തുള്ളൽ

കർമ്മലഗിരിയുടെ മുകളിൽ–
കണ്ടൊരു
കാർമ്മേഘത്തിലുദിച്ച സ്വരൂപി
കർമ്മലമാതാവാകിയ നിന്തിരു
നിർമ്മലഭർത്താവിളി–
കൊണ്ടിങ്ങു്
തിരുമാന്നാനം ദയറാപാലൻ
മാർ യൌസേഫിനെ വന്ദന–
ചെയ്യുന്
ദയറാവാസികൾ ഗുരുജന–
മെല്ലാം
ദയകൊണ്ടാശീർവ്വദിക്ക–
ണമെന്നെ
ഉത്തമകേരളഗുരുവായുള്ളൊ
രുത്തമനാം തോമ്മാ
ശ്ലീഹായുടെ
ഉത്തമപാദെ നിന്നരചെ
യ്യുന്

### കിളിപ്പാട്ട് (1)

ധരണിപതിസുതമുനിയുമ–
ധികപരിതാപമായി
ഭാര്യാപരിപാലംചെയ്തു വ–
സിച്ചതിൽ
അഖിലസുതനതിശുഭദനൊ–
രുനരസ്വരൂപിയാ
ലക്ഷ്മസമാനനായ് വന്നുജനി–
ച്ചുടൻ
തമസിസമയമതിരുളു കളവ–
തിനുരശ്മിയാ
ഭൂമീപരിപാലനീശാവതാര–
വും
സ്ഫടികമതിലതിനകമെയ–
തുടയാതെ സൂര്യനും
വടിവിൽ കടക്കുമതെന്നകണ്ണ–
ക്കെ
പരമജനനിയുടെ ഉദരമതി–
തിനുഛേദംവിനാ
പരൻതിരുവടി ഭൂതലെജാ–
തവും.
അമരപരിവൃഢനുടയ ശിശു–
വടിവുകൊണ്ടാടി
അമ്മാകരങ്ങളിലേന്തി സ്തുതി–
ച്ചുടൻ.

### വഞ്ചിപ്പാട്ട്

ആണ്ടുരണ്ടിനകത്തുള്ള ശിശു–
ക്കളെ ഒടുക്കുവാൻ
ആണ്ടവനുവേണ്ടിയവൻ വി–
ധിച്ചുകഷ്ടം
കണ്ണുമേററം കടുത്തുള്ളോരന്ത–
കന്മാർപുറപ്പെട്ടു.
കണ്ടകണ്ടകുട്ടികളെ ഒക്കെയും–
യും കൊന്നു.
തോജതന്മേൽതള്ളമാരിട്ടുറക്കു–
ന്നകുട്ടികളെ
വാളുകൊണ്ടു ഹനിപ്പതിനെ–
ന്തൊരുകുററം
തൊട്ടിയാട്ടിപ്പാട്ടു ചൊല്ലിക്ക–
ളിപ്പിക്കുംകുട്ടികളെ
വെട്ടിരണ്ടു തുണ്ടമാക്കിവധി–
ച്ചാരന്നു്.
ദണ്ഡംകൊണ്ടിട്ടെണ്ണ പൊ–
ത്തിക്കളിപ്പിപ്പാൻ തുടങ്ങു–
മ്പോൾ
തിണ്ണന്നങ്ങുഖണ്ഡമാക്കി ഗമി–
ച്ചാരന്നു്.
കേട്ടുകൂട്ടം നിലവിളിച്ചട്ടഹാ–
സത്തോടുകൂടെ
കെട്ടിമാർവ്വത്തണച്ചുകൊണ്ടോ–
ട്ടമോടെ
ഇടയ്ക്കോടിത്തടുക്കയും മുടി–
ക്കെത്തിപിടിയ്ക്കയും
പിടിച്ചിങ്ങുപറിച്ചന്നു ഹനി–
ച്ചീടുന്നു.
എറിഞ്ഞിങ്ങുവരുന്നേരം വാ–
ളുകൊണ്ടുതടുക്കയും
മുറിഞ്ഞങ്ങു തുണ്ടമായിത്താഴെ–
വീഴുന്നു.

### അമ്മകന്യാ എന്നരീതി

കള്ളനോടെന്നതുപോലെഭള്ളു–
കാട്ടിപുറപ്പെട്ടു
പള്ളനായാടെന്നപോലെ അ–
ടുത്തുവന്നു
കള്ളമുള്ളിൽവച്ചു യൂദാചുംബ–
നംചെയ്തറിയിച്ചു.
ഉള്ളറിഞ്ഞു സോദരായെന്നരു–
ളിച്ചെയ്തു.
ആടുകണ്ടിട്ടടുക്കുന്നചെന്നാക്കു–
ട്ടമെന്നപോലെ
ചാടിയെത്തിപ്പിടിച്ചവർ ബ–
ന്ധനംചെയ്തു.
ഇടയനെ പിടിപെട്ടിട്ടിടറ–
ന്നീതജമെല്ലാം
തടവില്ലാവേദവാക്യം നിവൃ–
ത്തിക്കുന്നു.

### വെച്ചവലിപ്പാട്ട്രീതി

ആദിയിലാദത്തെ വഞ്ചിച്ചു–
സാത്താൻ
ആദവും സന്തതിക്കുണ്ടായദോ–
ഷം
ആറടയാളനാം ദൈവമല്ലാതെ
ആരാലുമീദോഷം തീർക്കാവ–
തല്ലെ.

(ശേഷം 252–ാം പേജിൽ)

കലപ്പില്ലാത്ത
എള്ളുപൊടി
എ. എസ്. ബാവാ & സൺസ്
മട്ടാഞ്ചേരി — കൊച്ചി

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS